9294

State Council of Educational Research and Training (SCERT)
Vidyabhavan, Poojappura, Thiruvananthapuram - 695 012
Phone: 0471 - 2341883, 2340323
E-mail: scertkerala@asianetindia.com

പ്രോഗ്രാം 5/2190/2017/എസ്.സി.ഇ.ആർ.ടി.　　　　തീയതി : 07.10.2017

## സർക്കുലർ

വിഷയം: എസ്.സി.ഇ.ആർ.ടി. - 2017 - 18 അക്കാദമിക വർഷത്തിലെ ന്യൂമാറ്റ്സ് പദ്ധതിയിലേക്കുള്ള കുട്ടികളുടെ തെരഞ്ഞെടുപ്പ് - സംബന്ധിച്ച്.

സൂചന :
1. സ.ഉ.(സാധാ)നം.832/2012/പൊ.വി.വ. തിയതി 22.02.2012.
2. സ.ഉ.(സാധാ)നം.4801/2012/പൊ.വി.വ. തിയതി 05.10.2012.

* * * * * * *

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതിയുടേയും സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റേയും നേതൃത്വത്തിൽ ഗണിത ശാസ്ത്രത്തിൽ മിടുക്കരായ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്ന ഒരു പദ്ധതിയാണ് ന്യൂമാറ്റ്സ്. ആറാം ക്ലാസ്സിൽ പഠിക്കുന്ന 74 വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് അവർ പത്താം ക്ളാസ്സ് കഴിയുന്നതുവരെ ഉയർന്ന നിലവാരത്തിലുള്ള ക്ളാസ്സുകളും പ്രായോഗിക അനുഭവങ്ങളും നൽകി അവരെ ഗണിത പ്രതിഭകളാക്കി വളർത്തുന്നതിനുള്ള ഒരു പദ്ധതിയാണിത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഓരോ സർക്കാർ/എയ്ഡഡ് സ്കൂളിൽ നിന്നും ആറാം ക്ളാസ്സിൽ പഠിക്കുന്ന കുട്ടികളിൽ നിന്നും ഉന്നത നിലവാരമുള്ള 5 കുട്ടികളെ തെരഞ്ഞെടുത്ത് (ജനറൽ - 2, എസ്.സി.-1, എസ്.റ്റി.-1, ഭിന്നനിലവാരം-1) അവരുടെ പഠനനിലവാരരേഖയുടെ പകർപ്പ് ഹെഡ്മാസ്റ്റർ സാക്ഷ്യപ്പെടുത്തി ഓരോ കുട്ടിക്കും രജിസ്ട്രേഷൻ ഫീസായി 50/- രൂപ സഹിതം 2017 ഒക്ടോബർ 30.ന് മുമ്പ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകണം. ഈ കുട്ടികൾക്ക് ഉപജില്ലാ തലത്തിൽ ഒരു പരീക്ഷ നടത്തി 9 കുട്ടികളെ (6 ജനറൽ, 1 എസ്.സി, 1 എസ്.ടി, 1 ഭിന്നനിലവാരം തിരഞ്ഞെടുക്കണം. (ഏതെങ്കിലും കാറ്റഗറിയിൽ കുട്ടികൾ ഇല്ലെങ്കിൽ അത് ഒഴിച്ചിടണം). എ.ഇ.ഒ പരിധിയിൽ റൂറൽ, അർബൻ സ്കൂളുകൾ ഉണ്ടെങ്കിൽ 3 അർബൻ, 3 റൂറൽ എന്നിങ്ങനെ തെരഞ്ഞെടുക്കേണ്ടതാണ്. വ്യത്യസ്തമായി കഴിവുള്ള വിഭാഗത്തിൽപ്പെടുന്നവർ 40% മോ, അതിലധികമോ വൈകല്യമുള്ളവരായിരിക്കണം. ഇത് തെളിയിക്കുന്നതിനുള്ള മെഡിക്കൽ ബോർഡ് നൽകിയ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് പേര് കൊടുക്കുമ്പോൾ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകണം. അതത് സ്കൂൾ ഹെഡ്മാസ്റ്റർമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണം. വ്യത്യസ്തമായി കഴിവുള്ള കുട്ടികളുടെ വിഭാഗത്തിൽപ്പെടുന്ന കുട്ടി സംസ്ഥാനതലത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടാൽ മെഡിക്കൽ ബോർഡ് നൽകിയ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് പരിശീലന ക്യാമ്പ് നടത്തുമ്പോൾ ഹാജരാക്കണം.

പുറപ്പെടുവിക്കുന്ന നം. D6/9294/2017 Dt 13.10.17
ഇതിന്റെ പകർപ്പ് എല്ലാ പ്രധാനാധ്യാപകർക്കും അറിവിലേക്കും തുടർ നടപടികൾക്കുമായി നൽകുന്നു.

for ജി.വി.ഒ.